**വിവരാവകാശം / മറുപടി**

നമ്പർ: D2-5522/18

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി : 4.5.2018

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
തിരുവനന്തപുരം.

ശ്രീ. കെ.ആർ.ചന്ദ്രബാബു
ഗീതാഭവൻ, തണ്ണീർശാല
മരുതുംമൂട്, പോത്തൻകോട് പി.ഒ
തിരുവനന്തപുരം- 6955584.

സർ,

വിഷയം: സാമൂഹ്യനീതി ഡയറക്ടറേറ്റ് - വിവരാവകാശം അപേക്ഷ - 'ഇൻസൈറ്റ്' - പ്രോജക്ട് സംബന്ധിച്ച് -

സൂചന: താങ്കളുടെ 19.4.18ലെ വിവരാവകാശ പ്രകാരമുള്ള അപേക്ഷ.

സൂചനയിലേയ്ക്ക് ശ്രദ്ധക്ഷണിക്കുന്നു. താങ്കൾ വിവരാവകാശ നിയമ പ്രകാരം ആവശ്യപ്പെട്ടതും, ഈ കാര്യാലയത്തിൽ ലഭ്യമായിട്ടുള്ളതുമായ വിവരങ്ങൾ ഇതോടൊപ്പം നൽകുന്നു.

**ചോദ്യം (1) മറുപടി:-**

ഈ കാര്യാലയത്തിൽ ലഭ്യമായിട്ടുള്ള ഉത്തരവുകളുടെയും പ്രൊപ്പോസലുകളുടെയും പകർപ്പ് ഉൾപ്പെടുത്തുന്നു.

**ചോദ്യം (2) മറുപടി:-**

2017-18 വർഷം KFB സമർപ്പിച്ച 'ഇൻസൈറ്റ്' പ്രോജക്ടിന് സർക്കാർ അനുമതി ലഭ്യായിരുന്നില്ല. എന്നാൽ അനുമതി ലഭ്യമാകും എന്ന പ്രതീക്ഷയിൽ സ്ഥാപനം പ്രോജക്ട് തുടർന്നു നടത്തിയിരുന്നു എന്നറിയിച്ചിട്ടുണ്ട്.

KFBയിൽ നിന്നും ജോലിയിൽ നിന്നും പിരിച്ചുവിട്ടതായി അറിയിച്ച ഒരാൾ നൽകിയ അപേക്ഷയിൽ സ്ഥാപനത്തിൽ ക്രമക്കേടുകൾ നടക്കുന്നതായി സൂചിപ്പിച്ചിട്ടുണ്ട്.

**ചോദ്യം (3) മറുപടി:-**

പദ്ധതിയുടെ നടത്തിപ്പിന്റെ outcome പരിശോധനാ വിധേയമാക്കിക്കൊണ്ടിരിക്കുന്നു. ആയതിനുള്ള നടപടികൾ നടന്നുവരികയാണ്. 'GIFT' ലഭ്യമാക്കിയ വിവരങ്ങളുടെ പകർപ്പ് (സാക്ഷ്യപ്പെടുത്തിയത്) ഉൾപ്പെടുത്തുന്നു.

*db@18*



Received

**ചോദ്യം (4) (a)&(b) മറുപടി:-**

കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് ഓരോ വർഷവും സമർപ്പിക്കുന്ന പ്രോജക്ട് പ്രൊപ്പോസലിൽ, ടി പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും നടപ്പിലാക്കുന്ന രീതിയും വിശദമാക്കുകയാണ് ചെയ്യുന്നത്. ആയതിലേയ്ക്കായി ഉള്ള പ്രത്യേക നിയമാവലിയോ മാനദണ്ഡങ്ങളോ വകുപ്പിന് നൽകിയിട്ടില്ലാത്തതാണ്. പ്രോജക്ട് പ്രൊപ്പോസലുകളിൽ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പ്രോജക്ടിലേയ്ക്കാവശ്യമായ നിയമനങ്ങൾ നടത്തുന്നതും യോഗ്യതയും ശമ്പളവും നിർണയിക്കുന്നതും സ്ഥാപനം തന്നെയാണ്.

സ്ഥാപനം സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകളുടെയും, സാമൂഹ്യനീതി ഡയറക്ടറും സ്ഥാപനവും തമ്മിൽ ഒപ്പുവച്ച ധാരണാപത്രങ്ങളുടെയും പകർപ്പ് ഉൾപ്പെടുത്തുന്നു.

മറുപടി തൃപ്തികരമല്ലാത്തപക്ഷം താങ്കൾക്ക് ഈ കത്തു ലഭിച്ച് 30 ദിവസത്തിനുള്ളിൽ അപ്പലേറ്റ് അതോറിറ്റിയ്ക്ക് അപേക്ഷ നൽകാവുന്നതാണ്.

**ശ്രീ. കെ.കെ.സുരേന്ദ്രകുമാർ**
അഡീഷണൽ ഡയറക്ടർ
(അപ്പലേറ്റ് അതോറിറ്റി)
സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം

വിശ്വസ്തതയോടെ,

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യനീതി വകുപ്പ്

db@18